SAHIB BAHADUR K. A. MOHAMED: Here have they not to deposit a security?

MR. GEORGE MATHEW: Yes, they have to pay a security of Rs. 100.

Now, I would like to deal with the other points as well. One point which was raised by the honourable members was that there has been delay in delivery of mails in North Travancore. I shall not attempt to deny that absolutely. The main artery of our mail line is the Trivandrum-Shenkotta railway line. The mail from Trivandrum to Kottayam or to any other place in North Travancore which has necessarily to pass by this railway has to go by the train which leaves Trivandrum at 9 P. M. That goes to Kottarakara and from there the mail goes by bus to Kottayam. Of late, there have been delays in the arrival of the trains in Trivandrum. This is due to the fact that breaches occur on the railway line. This consequently causes delay in the delivery of mails. There are as many as 35 private bus lines in the State. These buses carry mails to most of the places in North Travancore, but they some times break down on the way with the result that the mails are delayed. The owners of these private buses are being asked to see that such delays are avoided hereafter as far as possible. Another point which has been raised is that Anchal covers and cards are not available in the Anchal offices.

PRESIDENT: Order, order. The time for the demand having elapsed, I must put the motion to the vote.

MR. P. K. KURIAKOSE: I withdraw the motion.

The question that Government be granted a sum of Rs. 8,75,222 under Demand XXXIX—Anchal Department, was put and carried.

The demand was passed and the grant was made.

DEMAND IX—POLICE.

MR. S. PARTHASARATHI AIYANGAR: (Inspector-General of Police) Sir, I rise to move for a grant of Rs. 25,06,078 under Demand IX Police. There has been an increase in the total Budget Demand compared with the figures of last year. The increase based on general revision of Pay and War Allowances has come to roughly 4 lakhs. Provision of 4 lakhs of rupees has been made separately in the P. W. D. Budget for buildings for housing the men. An annual payment of Rs. 1 1/2 lakhs now paid as house-rent can be obviated and the efficiency of the Police increased thereby.

The complaint that men find difficulty in finding houses and should in these hard days be with their families can also be met. The experience throughout India and the confirmed opinion reached after a full discussion by the Police Commission of 1903 was that ordinarily men should not be posted at or near their native places and any such posting can only be a concession to particularly good constables of proved integrity and character and the concession so

LIBRARY ARCHIVES Kerala Legislative Assembly

specially given should be zealously watched and withdrawn when it is abused. The same principle is supported by experienced Police Officers in the State. The Police are for the protection of the population and they should have their families together and not each run for the protection of his family at different places in the Station limits during any trouble.

Of the remaining about 2 1/2 lakhs, Rs. 82,000—a large item of new expenditure is under Taxation collection. This is found necessary as the volume of work is very large particularly in the case of non-motor vehicles and failure to have proper accounts and check will result in the type of case involving over Rs. 10 lakhs that is now being dealt with at Madura by a Special Police Staff and a Special Court which have cost Government more than a lakh of rupees. It is only as the volume of work increases, further staff has been appointed and there has already been some arrears as the staff appointed have not been able to meet the total volume. Only staff actually needed will be appointed. Taxing non-motor vehicles is essential as they do the largest amount of wear and Madras regrets the abolition and is now following our example.

I may bring to the notice of this House that all Governments including ours have recognised the specially onerous character of a police-man's duty in the field and some increase in pay has been given to make his lot bearable in these days when scavengers are striking for Rs. 45 a month. The I. G. of Police, Mysore, informs me that his Government have recently sanctioned again increases and re-organisation involving Rs. 9 lakhs. Similar increases have been made in Cochin, Madras and other Provinces.

It has been my endeavour to do what I can to make the Police-man's lot better in regard to his pay and prospects and at the same time to see that he deserves it by maintaining a constant pressure on supervision, control and guidance. There is still need for spcial attention to see there is no reversion to unhealthy practices and misconduct is reduced to the minimum.

I am grateful to this honourable House and many of its honourable Members who have made the work encouraging by a real and practical understanding of the Police-man's job as is evidenced by some of the proposed cut motions. I welcome any criticism or suggestion which honourable members are kind to offer here and outside and commend the grant for acceptance.

MR. CHAZHIKKATTU JOSEPH : സർ, അസിസ്റ്റൻറ് ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസ് അവർകളുടെ ശമ്പളം മുഴുവൻ കുറയ്ക്കണമെന്നാണ് ഞാൻ മോഷൻ ഹാജരാക്കിയിട്ടുള്ളത്. ഈ മോഷൻ ഹാജരാക്കിയതിൽ എനിക്കുള്ള ഉദ്ദേശം ആ ഉദ്യോഗം നിറുത്തൽ ചെയ്യണമെന്നല്ല, പോലീസ്ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു ചില കാര്യങ്ങൾകൂടി പറയണമെന്നതാണ്. കഴിഞ്ഞകൊല്ലം ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikkattu Joseph]

സമയത്തു പോലീസ് ഡിപ്പാർട്ടുമെന്റിൽ ഇൻസ്പെക്ടർജനറൽ, അസിസ്റ്റന്റ് ഇൻസ്പെക്ടർജനറൽ, ഡിപ്യൂട്ടി ഇൻസ്പെക്ടർജനറൽ ഇവർ മൂന്നു പേരും ബ്രാഹ്മണരായിരുന്നു. അപ്പോൾ ഒരു ജാതിയിൽ ഉൾപ്പെട്ട അഞ്ചുകഥം മുന്നു പ്രധാന ഉദ്യോഗങ്ങൾ നോക്കിയാൽ അതത്ര നല്ലതല്ലെന്നു തോന്നിക്കാണിക്കുകയുണ്ടായി. എന്നാൽ ഇൻസ്പെക്ടർജനറൽ അസിസ്റ്റന്റ് ഇൻസ്പെക്ടർജനറലായിരുന്ന ബ്രാഹ്മണനെ മാറ്റി ഒരു മുഹമ്മദീയനേയും, ഡിപ്യൂട്ടി ഇൻസ്പെക്ടർജനറലായി ഒരു ഹിന്ദുവിനേയും നിയമിച്ചു. അങ്ങനെ അന്നു ഞാൻ പ്രധാനമായി തോന്നിക്കാണിച്ച ആ ന്യൂനത അദ്ദേഹം പരിഹരിച്ചിട്ടുണ്ട്. അതുകൊണ്ട് ഇൻസ്പെക്ടർജനറൽ പറഞ്ഞാൽ കേൾക്കുന്ന ആളാണെന്നാണ് കഠഠം കാണിച്ചുകൊടുത്താൽ തിരുത്താൻ സന്നദ്ധതയുള്ള ഒരാളാണെന്നും മനസിലായിക്കഴിഞ്ഞു. ഇതെല്ലാം ചെയ്തതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ അതാതുകാലങ്ങളിൽ ഡിപ്പാർട്ടുമെന്റിലുള്ള ന്യൂനതകഠം തോന്നിക്കാണിച്ചുകൊടുക്കുന്നതിനെ പ്രത്യേകപൂർവ്വം വീക്ഷിച്ചു പരിഹരിക്കാൻ തയ്യാറുള്ള ഒരു ഇൻസ്പെക്ടർജനറൽ അതനുസരിച്ചു മുടന്തുകൊണ്ടുപോകുന്നതു നന്നായിരിക്കും. ഇപ്പോഠം അദ്ദേഹം ചെറിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ അവരുടെ സ്വന്തദേശങ്ങളിലേക്കു മാറ്റാൻ പാടില്ല എന്ന ഒരു വാദഗതി കൊണ്ടുവന്നിട്ടുണ്ട്. അതിനെ എതുത്തു ഞാൻ കഴിഞ്ഞതവണ സംസാരിച്ച സാധുക്കളായ ഉദ്യോഗസ്ഥന്മാരെ അവരുടെ സ്വദേശങ്ങളിൽ നിയമിക്കുന്നതു നല്ലതാണെന്നാണ് എന്റെ അഭിപ്രായം. കഴിഞ്ഞതവണ എന്റെ ഈ അഭിപ്രായത്തിനു ഇപ്പോഴും യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല.

PRESIDENT: That would more legitimately be a matter for general discussion.

MR. CHAZHIKKATTU JOSEPH: Then I would confine myself to the personnel of the Inspector General's office establishment.

അസിസ്റ്റന്റ് ഇൻസ്പെക്ടർജനറലിനുള്ള ശമ്പളം കൂട്ടണമെന്ന മോഷൻ കൊണ്ടുവന്നതു ഞാൻ മുമ്പു പറഞ്ഞ സംഗതികൊണ്ടാണ്. അതിൽ സാരമായ വ്യത്യാസം വരുത്തിയതുകൊണ്ടു ഈ മോഷൻ പ്രസ് ചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

SAHIB BAHADUR K. A. MAHOMED: സർ, ഞാൻ ഈ ഉപക്ഷേപം മാജരാക്കിയിട്ടുള്ളതു ഇന്നത്തെ പോലീസ് ഭരണത്തിലെ ചില ന്യൂനതകഠം തോന്നിക്കാണിക്കുന്നതിനുവേണ്ടിയാണ്. ഇപ്പോഴത്തെ ഇൻസ്പെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ജനറൽ ഭരണം ആരംഭിച്ചതിൽപിന്നെ പോലീസുകാരുടെ പൊതുജനങ്ങളോടുള്ള പെരുമാറ്റത്തിലും അവരുടെ നടപടികളിലും വളരെ വ്യത്യാസം വന്നിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു.

MR. CHAZHIKKATTU JOSEPH : ഗുണമായോ ദോഷമായോ?

SAHIB BAHADUR K. A. MAHOMED: ഗുണമായിത്തന്നെ. എന്നാൽ അദ്ദേഹം ഉദ്ദേശിക്കുന്ന ഗുണങ്ങൾ പ്രവൃത്തിയിൽ ഉണ്ടാകുന്നില്ലെന്നു മൂണ്ടക്കാണിക്കുന്നതിനാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചതു്. പൊതുജനങ്ങളോടു പോലീസുകാർ ന്യായമായി പെരുമാറണം, ആളുകളെ സ്റ്റേഷനിൽ വിളിച്ചുകൊണ്ടുപോയി ഉപദ്രവിക്കുവാൻ പാടില്ല, ശരിയായി അന്വേഷിച്ചിട്ടുവേണം കേസുകൾ ചാർജ്ജുചെയ്യുവാനും, ഫയൽചെയ്യുവാനും, വെറും വസ്തുസംബന്ധമായ വഴക്കുകളിൽ പോലീസുകാർ ഇടപെടാൻ പാടില്ല, ഈ മാതിരി സംഗതികൾ നടപ്പിൽ വരുത്തുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. പോലീസ് ഡിപ്പാർട്ടുമെൻറിന്റെ ഭരണം കൊണ്ടു പ്രധാനമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു കുറ്റങ്ങൾ ചെയ്യാതിരിക്കുന്നതിനു വേണ്ട നടപടികൾ നടത്തുക എന്നുള്ളതാണെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. കുറ്റങ്ങൾ ഉണ്ടാക്കിയിട്ടു കുറ്റക്കാരെ ശിക്ഷിക്കുന്നതിനേക്കാൾ കൂടുതൽ ഉത്തരവാദിത്വപരമായകാര്യം കുറ്റങ്ങൾ ഉണ്ടാകാതെയിരിക്കാൻ പ്രത്യേകം ഇടപാടുകൾ ചെയ്യുക എന്നുള്ളതാണു്. കുറ്റങ്ങൾ ചെയ്യാൻ തുടങ്ങുന്നതിനു മുമ്പു അവയെസംബന്ധിച്ചു അറിഞ്ഞു മുൻകൂട്ടി അതു തടയുന്നതിനു വ്യവസ്ഥചെയ്കയാണു് വേണ്ടതു്. ഇന്നത്തെ ഇൻസ്പെക്ടർമാർക്കു് ഇൻസ്പെക്ടർജനറലിന്റെ ഇതുപോലെയുള്ള നടപടികൾ മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടോ എന്തോ ഇങ്ങനെ എന്തെങ്കിലും കുഴപ്പമുണ്ടാകാൻ പോകുന്നുവെന്നു അറിവുകൊടുത്താൽ ഞങ്ങൾക്കു ഇടപെടാൻ നിവൃത്തിയില്ല, കുഴപ്പമുണ്ടായാൽ പിന്നെ എന്തെങ്കിലും ചെയ്യാം എന്നാണു് പറയുന്നതു്. അതിനുവേണ്ട മുൻകരുതലുകൾ ചെയ്യാൻ അവർ തയ്യാറില്ല. അവർക്കു ഇൻസ്പെക്ടർജനറലിനെക്കുറിച്ചുള്ള ഭയമാണു് ഇതിനു കാരണം. ശരിയോ തെറ്റോ ആയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിന്മേൽ അവർക്കു കുഴപ്പമുണ്ടാകുമെന്നുള്ള ഭയമാണു അവർ ഇതിൽ ഇടപെടാത്തതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KURIAKOSE : ശരിയായ നടപടികൾ നടത്താൻ യഥാർത്ഥത്തിൽ നിയമമുള്ളപ്പോൾ പോലീസ് ഇൻസ്പെക്ടർ തൊന്ന്യാസം പോലെ എന്തെങ്കിലും പ്രവൃത്തിക്കാമെന്നുള്ളതിനു ഒരു മാറ്റം വന്നിട്ടില്ലേ?

SAHIB BAHADUR K. A. MAHOMED : നിശ്ചയമായും വ്യത്യാസം വന്നിട്ടുണ്ട്. പോലീസുകാർ സ്റ്റേഷനിൽ കൊണ്ടുപോയി ആളുകളെ ആക്ഷേപിക്കുന്ന രീതിക്കു ഒരു വ്യത്യാസംവന്നിട്ടുണ്ട്. ഇൻസ്പെക്ടർജനറൽ പോലീസിന്റെ 'Morale' തന്നെ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം ആഗ്രഹിക്കുന്നതു ഇണം ഉണ്ടായിട്ടില്ലെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നതു്. അതുപോലെതന്നെ ഹെഡ്കാൺസ്റ്റബിൾമാരെ ഇൻസ്പെക്ടർമാരായി പ്രമോട്ടുചെയ്തു സ്റ്റേഷനിൽ ചാർജ്ജെടുക്കാൻ വരുമ്പോൾ കുറേനാളത്തേക്ക് ഉത്തരവാദിത്വമുള്ള ജോലികളിൽ ഏർപ്പെടാൻ അവർക്കു വളരെ ഭയമാണ്. എന്തെങ്കിലും കുഴപ്പമുണ്ടായി അവരുടെ സ്ഥിരം ചാർജ്ജ് പോകുമെന്നു തന്നെ മറ്റാരേക്കാളുമറിഞ്ഞും ശരിയായി അവർ ... ...

PRESIDENT : The honourable member will speak slower so that the Inspector-General may well follow what he says.

SAHIB BAHADUR K. A. MAHOMED : അതിനു ഒന്നുരണ്ടു് ഉദാഹരണങ്ങൾ പറയാം. ഇന്നു് തിരുവിതാംകൂറിലെ, ഏസ്സൈസ് ഡിപ്പാർട്ടുമെന്റിലെ വരവു് വളരെ കൂടുതലാണെന്നു എല്ലാവർക്കും അറിയാം. ആ വരവു് എങ്ങനെ ഉണ്ടാകുന്നു എന്നു ചോദിച്ചാൽ സാധാരണക്കാർ കൂടുതലായി കുടിക്കുന്നതിന്റെ ഫലമാണെന്നറിയാം. ഇങ്ങനെ കുടി വളരെ കുടിനിടുള്ള ഇക്കാലത്തു് ആളുകൾ കുടിച്ചുകൊണ്ടുനടന്നാൽ സാധാരണ ആളുകൾക്കു് അവരിൽനിന്നും ഉപദ്രവങ്ങൾ ഉണ്ടാകുന്നതാണു്. മാനംമര്യാദയായി നടക്കുന്നവർക്കു് കുടിച്ചുകൊണ്ടു നടക്കുന്നവരെ ഭയമാണ്. അതായതു ഞാൻതന്നെ ഒരു റോഡിൽ നിൽക്കുന്നു എന്നു വിചാരിക്കുക. നാലുപേർ കുടിച്ചുകൊണ്ടുവന്നാൽ എനിക്കു് എന്തു വിലയും നിലയും ഉണ്ടായാലും ഫലമില്ല. അതുകൊണ്ടു ഇൻസ്പെക്ടർ ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നുപറഞ്ഞാൽ അവർ പറയും കുടിച്ചു കുഴപ്പമുണ്ടാക്കട്ടെ, കേസെടുക്കാമെന്നു. നമ്മുടെ നാട്ടിലെ പല മലയാളം പേപ്പറുകളിലേയും കറിപ്പുനോക്കിയാൽ കാണാം, 'പോലീസ് ശ്രദ്ധിക്കണം 'എന്നു്' കുടിച്ചു വഴക്കുകൾ ഉണ്ടാക്കുന്നതിനെസംബന്ധിച്ചു റിപ്പോർട്ടുകൾ സാധാരണയായി ഇപ്പോൾ പത്രങ്ങളിൽ കാണാവുന്നു സാധിക്കും. അതി

LIBRARY ARCHIVES Kerala Legislative Assembly

നാൽ ഇൻസ്പെക്ടർജനറലിന്റെ ഉദ്ദേശം ശരിയായി ജനങ്ങൾക്ക് അനുഭവിക്കാൻ സാധ്യമാകാത്തവിധത്തിൽ പോലീസുഭരണം കൂടെ deteriorate ചെയ്തിട്ടുണ്ടെന്നു പറയാതെ തരമില്ല.

MR. S. PARTHASARATHY AIYANGAR : There are standing orders to say that the Inspector's should attend to such items of work. But if any Inspector is found not attending to such orders, disciplinary action wil be taken against him. The honourable member may bring to my notice instances of that kind.

SAHIB BAHADUR K. A. MAHOMED : ഓരോ ഇൻസ്പെക്ടർമാരെ സംബന്ധിച്ചും ഇതുതന്നെയാണോ പറയാനുള്ളത്? ഇവിടെ പറയുമ്പോൾ നല്ലകാര്യം തന്നെയാണ്. പക്ഷേ പറഞ്ഞാൽ മാത്രം അതുകൊണ്ടായില്ല. അതുകൊണ്ടു പോയാൽ പറയുന്നതൊന്നുമില്ല. അവരെ പൊതുവെ നന്നാക്കിയാൽ മതി.

MR. CHAZHIKKATTU JOSEPH : അപ്പോൾ മെമ്പർ പറയുന്നതു കുറേക്കാലം ശിക്ഷിക്കാതെതന്നെ ഡിപ്പാർട്ടുമെന്റു നന്നാക്കണമെന്നാണോ?

SAHIB BAHADUR K. A. MAHOMED : എനിക്ക് ആ അഭിപ്രായമില്ല. അവർക്കു ശരിയായ നിർദ്ദേശങ്ങളും നൽകണമെന്നാണ് ഞാൻ പറയുന്നതു്.

President's bell.

PRESIDENT : Do you have anything to say on this matter?

MR. S. PARTHASARATHY AIYANGAR : It is not a general discussion, and I have only one thing to say, namely, that prevention has been the policy that is adopted all along. In some cases where it has not been done, the Inspectors have been punished. Detection and prevention must go together. Prevention is the more appropriate remedy. The department has been following this policy and this fact has been stressed on the Inspectors. Where this rule has not been observed, it is necessary to punish him as he deserves. It is not of much use issuing circulars. In fact, circulars have been repeatedly issued. The very fact that a second circular is issued shows that the first has not been taken into account seriously. The second circular is not likely to be treated with greater sanctity than the first. If honourable members do not want to mention names where the local officers have not been helpful, it will be enough if they mention the substance of their incidents.

SAHIB BAHADUR K. A. MAHOMED : I do not press the motion.

The motion by leave of the House, was withdrawn.

MR. V MADHAVAN : *(Vaikom* cum *Kottayam)* Sir, rise to move:

> to reduce the allotment of Rs. 7,100 under Travelling Allowance by Rs. 10 (to point out that the amount spent on travelling allowance has not been beneficial,).

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Madhavan]

സർ, എന്റെ മുൻഗാമിയായ മി. മഹമ്മദ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള. ഉപക്ഷേപത്തെപോലെയുള്ള ഒരു ഉപക്ഷേപമാണ് ഞാനും ഹാജരാക്കിയിരുന്നത്. അതായത് ട്രാവലിംഗ് അലവൻസിൽ ഏതാനും സംഖ്യ കുറയ്ക്കണം എന്നാണ് ഞാൻ ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളത്. എന്റെ സ്നേഹിതൻ പറഞ്ഞതു പോലെ ഇൻസ്പക്ടർജനറൽ അവർകൾ വന്നതിനുശേഷം കാലോചിതമായ പല പരിഷ്ക്കാരങ്ങളും ഈ ഡിപ്പാർട്ടുമെൻറിൽ വരുത്തിയിട്ടുണ്ടെന്ന് എനിക്കും അഭിപ്രായമുണ്ട്. മുൻകാലങ്ങളിൽ എന്തെങ്കിലും ഒരു ഫർജിവാങ്ങിച്ചുകൊണ്ട് ഇഷ്ടംപോലെ ചിലരിൽ കുറെ ആരോപിച്ച് അവരുടെ സ്ഥിതിഅനുസരിച്ച് സ്റ്റേഷനിൽ വരുത്തി പല അക്രമപ്രവൃത്തികളും ചെയ്തിട്ടുള്ളതായി പലപ്പോഴും പരാതി ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആ മാതിരിയുള്ള കാര്യങ്ങൾ വളരെ കുറഞ്ഞിട്ടുണ്ട് എന്നുള്ളതു സത്യമാണ്. മാനംമര്യാദയായി ജീവിക്കാൻ ആഗ്രഹിക്കുന്നവർ ഇതു ഒരു പരമഭാഗ്യമായിട്ടാണ് വിചാരിക്കുന്നത്. എന്നാൽ ഞാൻ ഇവിടെ പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നതു അദ്ദേഹത്തിന്റെ സഞ്ചാരംകൊണ്ട് ഞങ്ങൾക്ക് പറയത്തക്ക പ്രയോജനമൊന്നും ലഭിക്കുന്നില്ലെന്നാണ്. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ച കീഴുദ്യോഗസ്ഥന്മാർ ശരിയായി പ്രവർത്തിക്കാത്തതിനാൽ അതിന്റെ പ്രയോജനം മുഴുവനും ജനങ്ങൾക്കു ലഭിക്കുന്നില്ലെന്നു ചൂണ്ടിക്കാണിക്കാനാണ് ഈ ഉപക്ഷേപം ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. നാട്ടിന്റെ നാനാഭാഗങ്ങളിലും അദ്ദേഹം ചുറ്റി സഞ്ചരിക്കുകയാണെങ്കിൽ കുറെക്കൂടി കാര്യക്ഷമമായ വിധത്തിൽ ഡിപ്പാർട്ടുമെൻറു കൊണ്ടുപോകാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. ഇൻസ്പക്ടർ ജനറൽ ഓരോ ദിക്കിലും കൂടെക്കൂടെ വരുന്നു, പോകുന്നു എന്നറിഞ്ഞാൽത്തന്നെ, ഡിപ്പാർട്ടുമെൻറിലുള്ളവർക്ക് ഒരു ഭയവും, കുറഞ്ഞും പ്രവർത്തിക്കുന്നവർക്ക് ഒരു പേടിയും ഉണ്ടാകാൻ എളുപ്പമുണ്ട്. എന്നാൽ ഞാൻ അറിയുന്നിടത്തോളം അദ്ദേഹത്തിന്റെ സഞ്ചാരം ജനങ്ങൾ പ്രതീക്ഷിക്കുന്നതുപോലെ ഉണ്ടാകുന്നില്ലെന്നാണ്. വൈക്കം, മുതലായ സ്ഥലങ്ങളിൽ അദ്ദേഹം ഈ അടുത്തകാലത്തൊന്നും വന്നതായി എനിക്കറിവില്ല. പാസ്സുമായി അദ്ദേഹം അവിടെ വന്നില്ലെന്നാണ് എനിക്കു തോന്നുന്നത്. ഇനി അവിടെ വല്ലപ്പോഴും, ആലുവായിലെ സ്റ്റെക്കു സംബന്ധിച്ചുമറും, പോകുമ്പോൾ വൈക്കം വഴി കടന്നുപോയിട്ടുണ്ടോ എന്ന് എനിക്കു അറിവില്ല. ഏതായാലും വടക്കൻ തിരുവിതാംകൂറിലുള്ള സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ സഞ്ചാരം വളരെ കുറവാണെന്നാണ് എനിക്കനുഭവപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: The honourable member will realise that the general rule is that the Inspector General travels with little previous notice, for obvious reasons. It may be that he has not gone to several places. But the general rule is that officers like the Inspector-General of Police, Excise Commissioner, etc., should go to places without giving previous notice.

MR. V. MADHAVAN: അതുതന്നെയാണ്. ആ സംഗതിയും ഞാൻ പറയണമെന്നു വിചാരിച്ചതാണ്. അതായത് ആരും അറിയാതെ ഓരോ സ്റ്റേഷനിലും വന്ന് സർപ്രൈസ് വിസിറ്റ് നടത്തുന്നത് വളരെ പ്രയോജനകരമാണ്. ഇങ്ങനെ വന്നിട്ടുണ്ടെങ്കിൽ അല്ലാതെ അദ്ദേഹം പരസ്യമായി ഞങ്ങളുടെ സ്ഥലത്തു വന്നിട്ടുള്ളതായി എനിക്കറിവില്ല. അദ്ദേഹത്തിന്റെ വരവിനെക്കുറിച്ചു ഞങ്ങളെ അറിയിച്ചില്ലെന്നല്ല, ഞാൻ പറയുന്നത്. അദ്ദേഹം വന്നതിന്റെ ശേഷമാണ് സാധാരണ ജനങ്ങൾ അറിയുക. സർപ്രൈസ് വിസിറ്റ് ചെയ്യുന്നകാര്യം ഒന്നുകൂടി ഉന്നി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപംമൂലം ഉദ്ദേശിച്ചിരിക്കുന്നത്. എനിക്കു പറയാനുള്ള മറ്റൊരു സംഗതി അദ്ദേഹം ശരിയായി സഞ്ചരിച്ച് കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കാതെ ട്രാഫിക്ക് ബിസിനസിൽ ചില സംഗതികൾ സങ്കടത്തിനിടയാക്കിയിട്ടുണ്ടെന്നാണ്. ചില ലൈനുകളിൽ ധാരാളം പണം വ്യയംചെയ്ത് മോട്ടാർ വാഹനങ്ങൾ വാങ്ങിച്ചു സർവീസു നടത്തിക്കൊണ്ടിരിക്കുമ്പോൾ അവർക്ക് കൊടുത്തിരിക്കുന്ന അനുവാദം നിഷേധിച്ചു വേറെ ചിലക്ക് അനുവാദം കൊടുത്തുവരുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. അങ്ങനെ പലപ്പോഴും ട്രാഫിക്ക് ഒരു നിശ്ചലാവസ്ഥയിൽ എത്തുന്നു. ഇൻസ്പെക്ടർജനറൽ അവർകൾ കാര്യം ശരിയായി മനസിലാക്കാതെ പ്രവർത്തിക്കുന്നതായിട്ടാണു കണ്ടുവരുന്നത്. അദ്ദേഹത്തിന്റെ സഞ്ചാരം കുറഞ്ഞുപോകുന്നതുകൊണ്ടു കാര്യക്ഷമമായ വിധത്തിൽ അദ്ദേഹത്തിന്റെ തീരുമാനം എത്തുന്നില്ലെന്നുള്ളതുകൂടി ഞാൻ ഈ ഉപക്ഷേപത്തിൽ വിവരിച്ചിട്ടുണ്ടായിരുന്നു. ഇതിനു ചില ദൃഷ്ടാന്തങ്ങളുമുണ്ട്. അതു വ്യക്തിപരമായി പൊങ്ങിക്കാണിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും ഇൻസ്പെക്ടർജനറൽ അവർകളുടെ ആ മാതിരിയുള്ള സൂക്ഷ്മക്കുറവുകൊണ്ട് ചില ആളുകൾക്ക് അന്യായമായ നഷ്ടം സംഭവിക്കുന്നുണ്ടെന്നു ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. ഇത്രയുമാണ് എനിക്ക് ഇതിനെക്കുറിച്ചു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. C. ADICHAN *(Nominated)*: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് ഒന്നുരണ്ടു വാക്കുകൾ പിന്നോക്കസമുദായക്കാരെ സംബന്ധിച്ചു പറയണമെന്നു ഞാനാഗ്രഹിക്കുന്നു.

സർ, ഇപ്പോഴത്തെ ഇൻസ്പെക്ടർ ജനറൽ ഇവിടെ വന്നതിനു ശേഷം താഴ്ന്നതരം പോലീസുകാർ മുതൽ ഡി. ഐ. ജി. വരെയുള്ള വർക്ക് അദ്ദേഹത്തെ വലിയ ഭയമാണ്. അതുകൊണ്ട് ഭരണവും ദോഷവും ഉണ്ട്. ദോഷമുണ്ടാകുന്നതു പാവപ്പെട്ടവർക്കാണ്. സാധാരണയായി പാവങ്ങളുടെ ഇടയിൽ ധാരാളം കേസുകൾ ഉണ്ടാകാറുണ്ട്. ഒരു കേസുണ്ടായാൽ ഉടൻതന്നെ ഒരു ഹർജി ഇൻസ്പെക്ടറുടെ കയ്യിൽ കൊടുക്കും. അദ്ദേഹം ഒരു പോലീസുകാരനെ അന്വേഷണത്തിനു അയയ്ക്കും. പോലീസുകാരൻ സ്ഥലത്തുചെന്ന് മാന്യന്മാരായ ആളുകളെ കണ്ട് അവിടെവച്ചുതന്നെ സന്ധിയാക്കിത്തീർക്കും. അല്ലെങ്കിൽ പോലീസ്സ്റ്റേഷനിൽ വിളിച്ചുകൊണ്ടുപോയി ഇൻസ്പെക്ടരുടെ മദ്ധ്യസ്ഥതയിൽ സന്ധിയാക്കും. ഇപ്പോഴാകട്ടെ ഒരു ഹർജി കൊണ്ടു കൊടുത്താൽ അന്യായംകൊടുക്കണമെന്നു പറയും.

MR. S. PARTHASARATHI AIYANGAR: This is a misapprehension. That rule about intervention does not apply to complaints from the backward communities.

RAO SAHIB A. K. BHASKAR: അങ്ങനെ മദ്ധ്യസ്ഥം വഹിക്കുന്നവർ കോഴവാങ്ങിച്ചു കേസുകൾ രാജിയാക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ലേ?

MR. P. C. ADICHAN: ഒരു പക്ഷേ അങ്ങനെ ഉണ്ടായിരുന്നിരിക്കാം. അന്യായം കൊടുക്കാൻ പോയാൽ പണം ചെലവാകുമെന്നു മാത്രമല്ല വീടും നാടുംകൂടി നശിക്കും. അതിനെക്കാൾ ഭേദമാണിത്.

അടുത്തതായി എനിക്കു പറയുവാനുള്ളതു പാവങ്ങളുടെ ഭാഗ്യം കൊണ്ടോ, നിർഭാഗ്യംകൊണ്ടോ പൊന്നുതമ്പുരാൻ തിരുമനസ്സിലെ കാരുണ്യത്താൽ അങ്ങിങ്ങായി പാവങ്ങൾക്കു കൊടുക്കുവാൻ സ്ഥലമുണ്ട്. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസത്തെ സംബന്ധിച്ചു പറയുന്നതുപോലെ ഇന്ന് ആ സ്ഥലങ്ങളെല്ലാം കൈവശപ്പെടുത്താൻ കൈക്കരുത്തുള്ളവരും പ്രഭാവമുള്ളവരും മുമ്പിക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ചു അന്യായം കൊടുക്കുകയെന്നുവച്ചാൽ ബഹുമാനപ്പെട്ട മെംബർ മി. കെ. എം. മഹമ്മദ് പറഞ്ഞതുപോലെ സാധുക്കൾക്കു അതിനു നിവൃത്തിയില്ല. സാധുക്കൾക്കു സ്ഥലം വിട്ടുപോകാതെയും പോകാനും നിവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

യില്ല. ഒരു പക്ഷേ ഇൻസ്പെക്ടർ കൈക്കൂലി വാങ്ങിയാൽതന്നെയും നാട്ടിലുള്ള മാന്യന്മാരായ ആളുകളുമായി ആലോചിച്ച് മാന്യമായ നിലയിൽ കാര്യങ്ങൾ പറഞ്ഞുതീർത്തുവന്നിരുന്നു. ഇപ്പോഴാകട്ടെ, അവരുടെ അടുക്കൽ പോയി പറഞ്ഞാൽ "ഇപ്പോഴത്തെ നിലയ്ക്കു നിവൃത്തിയില്ല, വസ്തുസംബന്ധിച്ച കാര്യങ്ങളിൽ ഞങ്ങൾക്കിടപെടാൻ നിവൃത്തിയില്ല" എന്നു പറയും. ഇങ്ങനെ ചട്ടമ്പികളെകൊണ്ടു ബലാൽക്കാരമായി വസ്തു കൈവശപ്പെടുത്തുന്നതിനെക്കുറിച്ച് പോലീസുസ്റ്റേഷനിൽചെന്നു പറഞ്ഞാൽ ഇൻസ്പെക്ടർ പറയും. എ. എസ്. പി-യുടെ അടുക്കൽ ചെന്നു പറയാൻ; എ. എസ്. പി-യോടു പറഞ്ഞാൽ, ഡി. എസ്. പി-യോടു പറയാൻ പറയും. ഐ. ജി. യെ വിവരം ബോധിപ്പിക്കണമെന്നായിരിക്കും ഡി. എസ്. പി-യുടെ സമാധാനം. ഈ തരത്തിലായാൽ എങ്ങനെയാണു പാവപ്പെട്ടവർ ജീവിക്കുക? ഇപ്പോൾ കൈക്കൂലി വാങ്ങിക്കാത്ത ഇൻസ്പെക്ടർമാരെ പലരെ എനിക്കറിയാം. അവർ വളരെ നിഷ്പ്രയാസം പറഞ്ഞുതീർത്ത കേസുകൾ ഇന്നാകട്ടെ ഐ. ജി. യെ ഭയന്ന്, ഒന്നും ചെയ്യുവാൻ നിവർത്തിയില്ല എന്നു പറയുന്നതു് എനിക്കനുഭവമുള്ളതാണു്. എട്ടുപത്തു് പുതിയ ഇൻസ്പെക്ടർമാരെ ഓരോ സ്ഥലത്തു് നിയമിച്ചിട്ടുണ്ടു്. അവർ കൈക്കൂലിയേ വാങ്ങിക്കയില്ല. ശരിയായി ജോലിചെയ്തു പ്രമോഷൻ വാങ്ങണമെന്നുള്ള ആഗ്രഹമേ അവർക്കുള്ളൂ. ഇതുകൊണ്ടെല്ലാം സാധുക്കൾ വളരെ വിഷമിക്കുന്നു. അതുകൊണ്ടു് ഈ പാവപ്പെട്ടവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതിനു എല്ലാ ഇൻസ്പെക്ടർമാർക്കും പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണു്. അതായതു് ഈ പിന്നോക്കസമുദായക്കാരുടെ കാര്യം പോലീസു ഡിപ്പാർട്ടുമെൻറു് പ്രത്യേകം പരിഗണിക്കണമെന്നപേക്ഷിച്ചുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

MR. S. PARTHASARATHY AIYANGAR: Mr. Madhavan mentioned that I have not travelled to several places and that if I make more tours and make myself more acquainted with local conditions, I could have been more effective. Sir, the times have been rather out of joint and the number of worries here and there have divided my attention, so much so, it is under great pressure that I could deal with my ordinary business and can only make surprise inspections, and not programmed tours in which previous notice to honourable members can be given. With all these—labour meetings, strikes and lockouts here and there. If the times improve, and I am going to get breathing time to look more into these matters without worrying myself about anything I would do it, as I have always intended to do. In many cases, arrangements within short notice and satisfactory settlements have to be made and I have to rush. I will try and do what I can in this direction.

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Parthasarathy Aiyangar.]

Another honourable member mentioned about some transport company's difficulty. It is said that the Department has caused some hardship to them. I do not know whether the complaint arises as the result of the Department pursuing a general policy that has been accepted, or as the result of a particular order. By a general tour round, it is not possible for me to find whether I have created any difficulty by a general rule or a particular order. Traffic has increased enormously and certain general orders have been issued. It will be better if representations are made in each case and if local arrangements are not satisfactory, I will look into those matters.

In regard to backward communities, to which reference has been made by the honourable member Mr. Adichan, they are always treated on a separate footing. Care has always been taken to see that their difficulties are settled without their being obliged to take recourse to law courts.

I am glad to hear that the new probationers are doing good work. Another set is also shortly coming in and I hope that the good results of their work will soon be felt.

MR. V. MADHAVAN: Sir, in view of the reply given by the Inspector-General of Police, I withdraw the motion.

MR. A. P. UDAYABHANU: Sir, motion No. 30 may be taken up now.

PRESIDENT: Very well. Is that the desire of the House?

The House signified their assent.

MR. M. K. NILAKANTAN: സർ, പോലീസുഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച്—പൊതുവായ നയത്തെ സംബന്ധിച്ച—വിമർശനം ചെയ്യുന്നതിന് ആ ഡിപ്പാർട്ടുമെൻറിലേയ്ക്ക് അനുവദിച്ചിരിക്കുന്ന ഏ ലക്ഷം രൂപയിൽനിന്നും ഒരു രൂപാ കുറക്കണമെന്നുള്ള ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു. ഈ ഉപക്ഷേപം ഞാൻ ഹാജരാക്കുന്നതിന് എന്നെ പ്രേരിപ്പിക്കുന്ന സാഗതികം പലതുണ്ട്. എന്റെ പല മാന്യസ്നേഹിതന്മാരും ഇവിടെ പറഞ്ഞതുപോലെ പുതിയ ഇൻസ്പെക്ടർ ജനറലിന്റെ വരവോടുകൂടി ഡിപ്പാർട്ടുമെൻറിന്റെ പല വിധത്തിലുള്ള അവശതകൾക്കും പരിഹാരം വന്നിട്ടുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. കൈക്കൂലി എന്നുള്ള ഒരു ദോഷം ഡിപ്പാർട്ടുമെൻറിലുണ്ടായിരുന്നതു് പല സ്ഥലങ്ങളിലും പരിഹരിക്കപ്പെട്ടിട്ടുണ്ടു്. ഇനി വല്ലയിടത്തും ശേഷിക്കുന്നുണ്ടെങ്കിൽ അതു് അദ്ദേഹത്തിന്റെ നിർദ്ദാക്ഷിണ്യമായ പ്രവർത്തനംമൂലം പരിഹരിച്ചുകിട്ടും എന്നും ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഡിപ്പാർട്ടുമെൻറിനെ പൊതുവെ ബാധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചില കാര്യങ്ങളെപ്പറ്റിയാണു് എനിക്കു് പറയുവാനുള്ളതു്. ബഹുമാനപ്പെട്ട മെംബർ മി. ആദിച്ചൻ പറഞ്ഞതുപോലെ പോലീസു് ഇൻസ്പെക്ടറന്മാർ സാധാരണ ജനങ്ങളുടെ ദൈനംദിനമുള്ള കാര്യങ്ങളിൽ വന്നുചേരുന്ന ചില നിസ്സാരമായ സംഗതികളിൽപോലും ഇടപെടുന്നതിനും അതുമൂലം കോടതി കയറാറാക്കാതെ അവ പരിഹരിക്കുന്നതിനും ഉള്ള സൗഹചര്യങ്ങളും ഉണ്ടാക്കികൊണ്ടിരുന്നു എന്നു സ്പഷ്ടമായി അനുഭവപ്പെട്ടിട്ടുണ്ടു്. പാവപ്പെട്ട ഒരു മനുഷ്യൻ അയാളുടെ രണ്ടു പാക്കു് പറിച്ചുകൊണ്ടുപോയി എന്നു് ഒരു കടലാസു കൊടുത്താൽ ആ കാര്യത്തിനു് മജിസ്ട്രേട്ടിന്റെ അടുക്കൽപോയാൽ വാദിഭാഗം സാക്ഷി, വക്കീൽ, പ്രതിഭാഗം വക്കീൽ ഇങ്ങനെയുള്ള ചെലവുകൾ നോക്കിയാൽ അവന്റെ സങ്കടം പറയാതെ ഇരിക്കുകയാണു് നല്ലതു് എന്നു തോന്നിപ്പോകും. ഇങ്ങനെ ദിവസേനയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സ്ഥലത്തുപോയി, അന്വേഷിച്ചു് തക്കവിധത്തിൽ വേണ്ട പരിഹാരം ചെയ്യുന്നതിനിടയ്ക്കു കൈക്കൂലി എന്നുള്ളതുണ്ടാകാതെ ഇരിക്കുന്നതിനും പ്രത്യേക ശ്രദ്ധ ഉണ്ടായാൽ ഈ നടപടി ജനങ്ങൾക്കു്, പ്രത്യേകിച്ചു സാധുക്കൾക്കു് വളരെ ഉപകാരമായി തീരുന്നതാണു്. അതു് ഇന്നു് ഇൻസ്പെക്ടർ ജനറലിന്റെ ഇടപെടൽമൂലം നാട്ടിൽ നഷ്ടപ്പെട്ടിരിക്കുന്നു. ഇതിനിടയ്ക്കു കൈക്കൂലികൂടാതെ കാര്യം നടത്താൻ ബുദ്ധിപൂർവകമായ മാർഗ്ഗങ്ങൾ അങ്ങേയ്ക്കു നിർദ്ദേശിക്കാൻ കഴിയുമെന്നു് അങ്ങയെ നല്ലപോലെ പരിചയമുള്ള എനിക്കു പറയാൻ കഴിയും. പോലീസു് ഡിപ്പാർട്ടുമെൻറിൽ പല പരിഷ്കാരങ്ങളും അങ്ങു ചെയ്തിട്ടുണ്ടു്. പോലീസിന്റെ ജൂറിസ്ഡിക്ഷൻ അതായതു് അധികാര അതൃത്തി സൌകര്യമായ വിധത്തിൽ ഒന്നു പുനഃസ്ഥാപിക്കാൻ അങ്ങു് നോക്കീട്ടില്ല. ദൃഷ്ടാന്തമായി പറയുകയാണെങ്കിൽ അട്ടർ എന്ന സ്ഥലത്തുനിന്നും പന്തളം—തെക്കേക്കരപകുതിയ്ക്കു തെക്കേ അറാംവരെ 14 മൈൽ ദൂരമാണുള്ളതു്. നേരെ മറിച്ചു് മാവേലിക്കരയ്ക്കു 17 മൈൽ ദൂരമുണ്ടു്. മാവേലിക്കരയാണു് ടി സ്ഥലത്തിന്റെ പോലീസധികാര അതൃത്തി, ഇങ്ങനെ ഒരു വ്യവസ്ഥയില്ലാത്ത വിധത്തിൽ പോലീസു് അധികാരാതൃത്തി ഉള്ളതിനാൽ ജനങ്ങൾക്കു് വളരെ കഷ്ടപ്പാടുണ്ടു്. അതിനാൽ കൊടുക്കേസല്ലാത്ത യാതൊരു കേസ്സിനും ആളുകൾ പോലീസു സ്റ്റേഷനിൽ പോകുകയില്ല. അതു സഹിക്കുകയാണു്. അതുകൊണ്ടു ആളുകളുടെ കഷ്ടപ്പാടിനു് പരിഹാരമുണ്ടാക്കുന്നതും ശരിയായ ഒരു പുതിയവ്യവസ്ഥ അതിനെ സംബന്ധിച്ചിടത്തോളം ഉണ്ടാക്കേണ്ടതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Nilakantan.]

വളരെ അത്യാവശ്യമാണ്. ഇക്കാര്യത്തിൽ ഇൻസ്പെക്ടർജനറലിന്റെ ശ്രദ്ധപതിയേണ്ടതാണ്. മറ്റൊരുകാര്യം പറയാനുള്ളത് പോലീസ് കാൺസ്റ്റബിൾമാർ കഷ്ടതയിൽ ഇരിക്കുന്നതുകൊണ്ടു പല തരത്തിലുള്ള അഴിമതികളും ഉണ്ടാകുന്നു എന്നു പറഞ്ഞിട്ടുള്ളതിനെപ്പറ്റിയാണ്. അതു വന്നേക്കാം ഇന്നത്തെ സാധനങ്ങളുടെയും ജീവിതത്തിന്റെയും വൈഷമ്യങ്ങൾ വച്ചുനോക്കിയാൽ, പോലീസ് ഡിപ്പാർട്ടുമെൻറിൽ കൈക്കൂലി എന്ന ദോഷം കുറയ്ക്കണമെന്ന് അങ്ങയ്ക്കു വിചാരമുണ്ടെങ്കിൽ അവരെ അവരുടെ നാട്ടിൽതന്നെ നിയമിക്കേണ്ടതാണ്. അങ്ങനെയായാൽ പല വിധത്തിലുള്ള ദുഃഖവും ഉണ്ടാകും. അങ്ങയുടെ വാദം അവരെ അവരുടെ നാട്ടിൽ മാറിയാൽ പോലീസ് ഇൻസ്പെക്ടർ ആവശ്യപ്പെടുന്ന അവസരത്തിൽ കിട്ടുകയില്ലാ എന്നാണ്. അങ്ങനെ അവർ നിശ്ചയിക്കുന്ന സമയത്തുവന്നില്ലെങ്കിൽ എന്താണ് നടപടിനടത്തേണ്ടതു് എന്ന് അങ്ങയ്ക്ക് അറിയാം. (President's bell).

PRESIDENT : What I propose to do is to call upon honourable members who have given notices of motions for total grants, *i. e.* those contained on page 7, and then I shall call upon other honourable members.

MR. V. I. IDICULA : സർ, ഇതര ഡിപ്പാർട്ടുമെൻറിലെ കുറഞ്ഞ ശമ്പളക്കാർക്കു ശമ്പളംകൂട്ടിക്കൊടുക്കണമെന്നു ഈ സഭയിലെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും പറയുകയുണ്ടായി. അതുപോലെതന്നെ പോലീസ് ഡിപ്പാർട്ടുമെൻറിലെ കാൺസ്റ്റബിൾമാർക്കും ശമ്പളം കാലസ്ഥിതിക്കനുസരണമായി കൂട്ടിക്കൊടുക്കേണ്ടതാണ്. അടുത്തതായി കാൺസ്റ്റബിൾമാരെ അവരുടെ സ്വദേശത്തു ജോലിചെയ്യാൻ അനുവദിക്കേണ്ടതു ഇക്കാലത്തു അത്യാവശ്യമാണ്. അതുകൂടിയാകുമ്പോൾ അവർക്കു ഇപ്പോഴുള്ള ശമ്പളക്കുറവിന്റെ വിഷമം മാറിക്കിട്ടും. സ്വദേശത്തു താമസമാകുമ്പോൾ അവർക്കു ചെലവു കുറഞ്ഞിരിക്കും. ഇതു പറയുമ്പോൾ എനിക്കു റാന്നിയിലുള്ള ഒരു കാൺസ്റ്റബിളിനെയാണ് ഓർമ്മ വരുന്നതു്. റാന്നി പകുതി ഈ സംസ്ഥാനത്തിലെ ഏതു പകുതിയേക്കാളും വിസ്താരത്തിലും മുതലെടുപ്പിലും കൂടിയിരിക്കുന്ന ഒരു പകുതിയാണു്. അവിടെ മുമ്പു് ഒരു ചാർജിങ്ങു് സ്റ്റേഷനുണ്ടായിരുന്നു. ഇതു കുറെക്കാലത്തിനു മുമ്പു് എടുത്തുകളഞ്ഞു. ഇപ്പോൾ അവിടെ ചാർജിങ്ങു സ്റ്റേഷൻ ഇല്ല. അവിടത്തെ ചാർജിങ് സ്റ്റേഷൻ പത്തനംതിട്ടയാണ്. എന്തെങ്കിലും തകരായ കാര്യം വരുമ്പോൾ പത്തനംതിട്ടസ്റ്റേഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

പോകേണ്ടിയിരിക്കുന്നു. അതിനാൽ പൊട്ടന്നണ്ടാകുന്ന എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞറിയിക്കുന്നതിന് വളരെ വിഷമമായിരിക്കുന്നു.

PRESIDENT : What is the distance?

MR. V. I. IDICULA : ഏകദേശം മൈൽ ദൂരമുണ്ട്. അതിനാൽ പല ആളുകളും വളരെ കഷ്ടപ്പെടുന്നു. വളരെ കേസുകൾ ആ സ്ഥലങ്ങളിൽ വരുന്നുണ്ട്. ഞങ്ങൾ ഇക്കാര്യത്തിൽ നിർബന്ധിക്കാതെ ഇരിക്കുകയായിരുന്നു. ഇപ്പോൾ അവിടെ ചാർജിംഗ് സ്റ്റേഷൻ ഇല്ലാതിരിക്കുന്നതു വളരെ ആളുകൾക്ക് ബുദ്ധിമുട്ടിനു കാരണമായിരിക്കുന്നു. അതിനാൽ ഒരു ചാർജിംഗ് സ്റ്റേഷൻ ഹാന്നിയിൽ അനുവദിക്കണമെന്നുള്ള വിവരം ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

MR. P. M. VARGHESE : സർ, പോലീസ് ഡിപ്പാർട്ടുമെൻറ്, രാജ്യത്തു അനേകം വകുപ്പുകൾ ഉള്ളതിൽ ഉപ്പിന്റെ സ്ഥാനമാണ് വഹിക്കുന്നത്. ഉപ്പു മറ്റു സാധനങ്ങൾ ചീഞ്ഞയാകുന്നതിൽനിന്നും രക്ഷിക്കുന്ന ഒരു സാധനമാണ്. ഒരു രാജ്യത്തു സമാധാനം പാലിക്കേണ്ട വകുപ്പു പോലീസാണ്. ആ വകുപ്പു ചീഞ്ഞുപോയാൽ പിന്നെ രാജ്യത്തെ രക്ഷിക്കാൻ യാതൊന്നിനും സാധ്യമല്ല. സർവ്വാത്മപ്രാധാന്യം അർഹിക്കുന്ന ഈ വകുപ്പിനെ പരിരക്ഷിക്കേണ്ടതു് എങ്ങിനെയാണെന്നുള്ള പ്രശ്നമാണ് ഇപ്പോൾ ആലോചനയ്ക്കു വന്നിരിക്കുന്നതു. ഏതു ഡിപ്പാർട്ടുമെൻറിലും ശമ്പളക്കുറവുണ്ട്. എന്നിരുന്നാലും, പോലീസ ഡിപ്പാർട്ടുമെൻറിന് മറ്റാരെയും ആശ്രയിക്കാതെ ജീവിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കുകതന്നെവേണം. വളരെ വിദ്യാഭ്യാസം ഉള്ളവരും ധനംകൊണ്ടു മികച്ചു നിൽക്കുന്നവരുമായ പല ആളുകളുമായി അവർക്കു പലപ്പോഴും ഇടപെടേണ്ടിവരും. നിസ്സാരശമ്പളക്കാരനായ ഒരു പോലീസുകാരൻ ഒരു ധനവാന്റെ അടുക്കൽ ചെന്നാൽ ധനസ്ഥിതിയിൽ വളരെ താഴ്ന്നു നിൽക്കുന്ന പോലീസുകാരനു നിശ്ചയമായിട്ടും ധനവാനിൽനിന്നും കുറെ പണം കിട്ടിയാൽ കൊള്ളാം എന്ന ആശ ഉണ്ടാകുകതന്നെ ചെയ്യും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ ആ പോലീസുകാരനെ വിദ്യാഭ്യാസംകൊണ്ടും ധനസ്ഥിതികൊണ്ടും നല്ലനിലയിൽ വയ്ക്കണം. അതിനാൽ ഞാൻ പറയുന്നതു് സാധാരണ പോലീസുകാരനെതന്നെ എടുക്കുമ്പോൾ വിദ്യാഭ്യാസത്തിൽ മികച്ചു നിൽക്കുന്നവരെ തിരഞ്ഞെടുക്കണം എന്നാണ്. അവർക്കു ശമ്പളക്കൂടുതൽ കൊടുക്കേണ്ടിവരും. ശമ്പളവും അവരുടെ വിദ്യാഭ്യാസത്തിന്റെ തോതനുസരിച്ചുതന്നെ ആയിരിക്കണം. അങ്ങനെയായാൽ രാജ്യത്തിന്റെ സമാധാനം പരിരക്ഷിക്കുന്നതിനു അവർ യോഗ്യരായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. NARAYANA PILLAI : Does the honourable member suggest the recruitment of graduates as constables?

MR. P. M. VARGHESE : Yes, I am for it. Something more than graduates can be appointed.

സർ, പോലീസിന്റെ നിലയെ അഭിവൃദ്ധിപ്പെടുത്തിയാൽരാജ്യത്തുള്ള അഴിമതികൾക്ക് വളരെ കുറവുവരും എന്നാണ് എന്റെ ബലമായിട്ടുള്ള വിശ്വാസം. പോലീസു ഡിപ്പാർട്ടുമെൻറ് ഇടപെട്ട മറ്റു ഡിപ്പാർട്ടുമെൻറിലെ അഴിമതികൾ നീക്കേണ്ടിവരും. റവന്യൂവകുപ്പിൽ എന്തെങ്കിലും തക്കുമുണ്ടായാൽ അവിടെയും പോലീസു ഇടപെടണം. ഇപ്പോൾതന്നെ ഭക്ഷണവിതരണം ഉണ്ട്. റേഷൻകടക്കാരൻ ശരിയായി വിതരണം നടത്തുന്നില്ലെങ്കിൽ അവിടെയും പോലീസുകാരൻവേണം. പോലീസുകാരൻ ഇടപെടാത്ത ഒരു സംഗതിയും ഈ രാജ്യത്തില്ല. അതിനാൽ ഇന്നത്തെ ഇൻസ്പക്ടരുടെ നില പോലീസുകാരനു കൊടുക്കുകയും ഇൻസ്പെക്ടർക്ക് അതിൽ കൂടിയ ഒരു നില കൊടുക്കുകയുംചെയ്താൽ എത്രയും നന്നായിരിക്കും. രാജ്യത്തിന്റെ ഗുണത്തിനുവേണ്ടിയാണ് ഞാൻ ഇതു പറയുന്നത്. അവരുടെ നില അഭിവൃദ്ധിപ്പെടുത്തുമ്പോൾ സമാധാനമുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. ഒരു മാന്യസ്നേഹിതൻ അഭിപ്രായം പറഞ്ഞു, പോലീസുകാരെ അവരുടെ സ്വന്തം സ്ഥലത്തേയ്ക്കു മാറണം എന്ന്. ഞാൻ ആ അഭിപ്രായക്കാരനല്ല. അവരെ വേണ്ട സമയത്തു സ്ഥലം മാറുകതന്നെ വേണം. എന്നാൽ അവരെ സ്ഥലം മാറിയാൽ അവർക്കു സൗകര്യംകൊടുക്കണം. പോലീസുകാരന് പോലീസ് സ്റ്റേഷനുതൊട്ടു താമസിക്കാൻ ക്വാർട്ടേഴ്സ് ഗവണ്മെൻറിൽനിന്നും ഉണ്ടാക്കികൊടുക്കണം. പോലീസ്സ്റ്റേഷൻ ആ സ്ഥലത്തെ രക്ഷാസങ്കേതമായി കാണപ്പെടണം. ഒരു പോലീസ് സ്റ്റേഷനിൽനിന്നും മറെറാരു പോലീസ് സ്റ്റേഷനിലേക്ക് ഒരാളെ സ്ഥലം മാറുമ്പോൾ അവിടെ പോയി താമസിക്കുന്നതിനുള്ള സ്ഥലം അന്വേഷിച്ചു വിഷമിക്കുവാൻ ഇടവരുത്തരുത്. അങ്ങനെയായാൽ സ്ഥലം മാറ്റത്തെപ്പറ്റിയുള്ള ആവലാതികൾക്കുടാതെ അവരുടെ ഡിപ്പാർട്ടുമെൻറലായിട്ടുള്ള കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുതിനുസാധിക്കും.

MR. P. K. KURIAKOSE : Sir, I support the motion of Mr. Nilakantan. In general the working of the Department is found to be very satisfactory. So I do not wish to deal with that subject in detail. I wish to confine my attention only in the motor services which are now being conducted between the different parts of the country.

LIBRARY ARCHIVES Kerala Legislative Assembly

It is a very difficult problem until we get sufficient number of buses to have regular services conducted according to rules. However, the condition of the Transport service between Moovattupuzha and Kothamangalam is a thing which has to be brought to the notice of the Police Department. There is only one bus running between Moovattupuzha and Kothamangalam. It was insufficient for the last so many months. Now it has been extended to five miles more from Kothamangalam. that is, up to Punnakad. Even now there is only one bus. There were eight or ten services between Moovattupuzha and Kothamangalam per day, before. Now because it has been extended to five miles more, there are only five or six services a day. In all these services we find the buses like a cluster of bees. We can see only the front portion of the bus. All the other sides will be covered with men. There will be some occupying even the top. There are so many to travel and there is only one bus.

PRESIDENT: Does the honourable member mean that in the service between Moovattupuzha and Kothamangalam people are allowed to travel on the top of the bus?

MR. P. K. KURIAKOSE: Yes, Sir, at times when there is urgency.

PRESIDENT: I suppose you are taking some kind of measures to prevent this, Mr. Inspector-General?

MR. S. PARTHASARATHY AIYANGAR: Yes, Sir.

MR. P. K. KURIAKOSE: I understand from other honourable members that one man has actually fallen from the top of the bus.

PRESIDENT: I have no doubt that if people are allowed to get on the top of the bus and travel, they are likely to fall. It is practically tantamount to effecting murder.

MR. S. PARTHASARATHY AIYANGAR: In all such cases permits are cancelled.

MR. P. K. KURIAKOSE: That will make the matter worse.

PRESIDENT: Good or worse, the point is this. It is very dangerous to allow people to travel at the top of the bus.

MR. P. K. KURIAKOSE: I do not say that these things are done with the knowledge of the Police Department. They will accommodate only when they pass away from the town. Before they reach Kothamangalam or the Police Station they will ask the people to get down. So it is clear that it is not done with the knowledge of the Police.

MR. E. K. MADHAVAN: Is the member aware that the bus drivers put on light when they see a Police Officer even during day time?

MR. P. K. KURIAKOSE: There may be ever so many other tricks. I do not want that the service should be taken away from them and given to somebody else. Ask them to put up another bus to ply between these places and if they are unable to do it, another party may be asked to put up a bus so that the two parties can join together and run the service.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI: I have just a few words only to speak. In rising to support the motion, I have to comment, in the first place, that there is a general feeling in the country that the troubles emanating from Police Constables etc. to the general public are certainly less and the situation has improved in that respect. Perhaps it may be due to the extreme disciplinary measures the Inspector-General of Police has adopted, and that is certainly good. But it has produced a result, which he also may know, that the Constabulary is discontented. I know it for certain. I say that they are discontented because of greater discipline, and consequent smaller chances for corruption.

RAO SAHIB A. K. BHASKAR: Is it the members's opinion that there is discontent because there is more discipline?

MR. K. K. CHELLAPPAN PILLAI: Yes. To alleviate this discontent something must be done. A revision of the pay is one thing which I would suggest. Today the Dewan-President was saying something about one meal a day and so on in his speech. I do not refer to that elaborately. They are not having evena subsistence level of pay and so must be supplied with sufficient money and wherewithal to get on with life. As I suggested last year, the relationship of a Police Constable to the general public is very apparent. He has to deal with many matters with which public peace and contentment are concerned. And the status of a Police Officer is a thing which really matters much in those dealings. His pay, therefore, is vitally connected with contentment among the public.

PRESIDENT: I trust honourable members will not think that I am curtailing discussion. There are 11 honourable members who have sent up cut motions. I know that other honourable members are also very anxious to speak. So would it not be possible for the honourable members to crystallise what they have to say on one or two topics. I think it will be better. Otherwise, by the time I finish this list, there will not be time for anybody else to talk.

MR. K. K. CHELLAPPAN PILLAI: The expenditure of the Department has risen up. I do not know whether it is commensurate with the actual happiness of the Constabulary. That is an item for which more money should be spent.

With regard to the administration of the Traffic Branch I have to say a word. Accidents have increased. From statistics it will be seen that while the total number of accidents in 1111 was 83, in 1118—56, and in 1119—107 in 1120 it has risen to 187.

I do not know why this enormous increase in accidents has come about. The Traffic Department has certainly not taken sufficient care and disciplinary action against the delinquents who committed any breach of rule or in seeing that accidents do not take place. With regard to crime and detection, it is very gratifying to note that the percentage of detection has increased.

MR. K. T. MICHAEL (*Changanacherry* cum *Peermade*): സർ ഞാ
ചീഫ് സ്പ്പാർട്ടുമെന്റിന്റെ ഭരണത്തെപ്പറ്റി ചില അഭിപ്രായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കേറിക്കൂടുകയുണ്ടായി. കൂടുതൽ അടിവാങ്ങിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒന്നാണ്ടു സംഗതികളും മാത്രം ചൂണ്ടിക്കാണിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. ഒന്നാമതായി പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ, കുറ്റം ചെയ്യാതെയിരിക്കാൻതക്ക നിയന്ത്രണം ചെയ്യുക. ഒരു കുറ്റം ചെയ്തശേഷം അതു കണ്ടുപിടിച്ചു കുറ്റവാളിയുടെ മേൽനടപടി നടത്തുന്നതായിട്ടാണ് സാധാരണ ഇപ്പോൾ കാണുന്നത്. എന്നാൽ കുറ്റം നടന്നതായി ഒരാൾ പരാതിപ്പെടുമ്പോൾ, ഇപ്പോൾസാധാരണയായി പോലീസ് ഡിപ്പാർട്ടുമെന്റിൽ കണ്ടുവരുന്നത്, കുറ്റക്കാരനേയും കുറ്റത്തെ അടിസ്ഥാനപ്പെടുത്തിയുള്ള തെളിവും ഹാജരാക്കണമെന്നാണ്. കുറ്റക്കാരനേയും തൊണ്ടിയേയും കണ്ടുപിടിച്ചു പോലീസിൽ ചാർജ് ചെയ്യണമെന്നാണ് വെയ്പ്. പ്രത്യേകിച്ചു മോഷണം മുതലായ കുറ്റങ്ങൾ ഉണ്ടായാൽ പോലീസ് ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ ചെന്നു പറഞ്ഞാൽ ആ കേസു രജിസ്റ്റർ ചെയ്യണമെങ്കിൽ വാദിതന്നെ സകലതെളിവുകളും ഉണ്ടാക്കിക്കൊടുക്കണം. സാധാരണ മോഷണം ഉണ്ടാകുന്നതു പകൽ സമയത്തായിരിക്കുകയില്ല. മിക്കവാറും രാത്രിയായിരിക്കും. ആരും അറിയാതെയും ആയിരിക്കും. മോഷണകുറ്റത്തെപ്പറ്റി ഒരു പരാതി കൊടുത്താൽ അതു് ഉടൻ രജിസ്റ്റർ ചെയ്യുകയില്ല. കുറച്ചു നാൾ കഴിയുമ്പോൾ എന്തെങ്കിലും ലക്ഷ്യം കിട്ടി അതു് പോലീസ്സ്റ്റേഷനിൽ ചെന്നുപറഞ്ഞാൽ ഉടൻ അതു രജിസ്റ്റർ ചെയ്യണമെങ്കിൽ ആ സംഭവം നടന്ന ദിവസം മാറണം, സമയം മാറണം, എല്ലാം മാറണമെന്നാണ് വരുന്നതു്. കേസ വിസ്താരത്തിൽ വരുകയാണെങ്കിൽ സാക്ഷികളേയും ഹാജരാക്കണം. ഈ വിഷമങ്ങൾ എല്ലാംകൊണ്ടു് ആരും കേസുകൊടുക്കാൻ പോകുന്നില്ല. കഴിഞ്ഞ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പോലീസ്ഭരണം നന്നായിട്ടുണ്ടെന്നും തന്നാണ്ടിലുള്ള കേസുകളുടെ എണ്ണം കുറഞ്ഞിരിക്കുന്നു എന്നും കാണുന്നതു് ഇപ്രകാരം ഉള്ള പരാതികളും വരുന്നതു് പോലീസുകാർ തെളിവുകളും കിട്ടാത്തകേസുകളും അന്വേഷണം നടത്തി ഫൈലിൽ ചേർക്കാത്തതുകൊണ്ടാണ്. വേറൊന്നു പറയാനുള്ളതു് മോട്ടോർകാറുകളുടെ രജിസ്ട്രേഷനെ സംബന്ധിച്ചാണ്. അതു് സംബന്ധിച്ചുള്ള നിയമം ബ്രിട്ടിഷ് ഇന്ത്യയിലും കൊച്ചിയിലും റദ്ദുചെയ്തതിനുശേഷവും തിരുവിതാംകൂറിൽ ഇപ്പോഴും നിലനിന്നിരിക്കുന്നതു എന്തു പ്രത്യേകാവശ്യത്തിനാണെന്നറിഞ്ഞുകൂടാ. ഇതു തിരുവിതാംകൂറിലും മറ്റുരാജ്യങ്ങളെപ്പോലെ റദ്ദു ചെയ്യുന്നതു സൗകര്യമായിരിക്കും എന്നു വിനീതമായി അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. VARUGHESE ITHAC: ഇൻസ്പെക്ടർ ജനറലിന്റെ ഭരണത്തെ പറ്റി വളരെ മന്ത്രം അഭിനന്ദിക്കേണ്ടതില്ലെങ്കിലും മുൻകാലങ്ങളിൽ ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തെപ്പറ്റി ഉണ്ടായിരുന്നവെറുപ്പ് വളരെ കുറഞ്ഞിട്ടുണ്ടെന്നു പ്രസ്താവിക്കാതിരിക്കുന്നതു അനുചിതമായിരിക്കുമെന്നാണ് എന്റെ വിശ്വാസം. ഇൻസ്പെക്ടർ ജനറൽ അവർകളുടെ ശ്രദ്ധയിൽ ഏതാനും ചില കാര്യങ്ങൾ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ കേസുകളുടെ നമ്പരിനെ കുറവുവന്നിട്ടുണ്ടെന്നു റിപ്പോർട്ടിൽ നിന്നു കാണാം. മി. മെക്കേൽ പറഞ്ഞതുപോലെ ഓരോ പോലീസ് സ്റ്റേഷനിലും വല്ല പരാതിയും കൊണ്ടുചെന്നാൽ മജിസ്ട്രേട്ടുകോടതിയിൽ അന്യായം കൊടുക്കണമെന്നു പറഞ്ഞു ഫയലിൽ ചേർക്കാതെയിരിക്കുകയാണ് ഇന്നു സാധാരണയായി ചെയ്യുന്നതു്. മോഷണക്കുറ്റം പണ്ടത്തെക്കാൾ വർദ്ധിച്ചിരിക്കുന്നു. പകുതിയിലധികവും കേസുകൾ തെളിവില്ലാ, തൊണ്ടിയില്ലാ എന്നു പറഞ്ഞു തള്ളിവിടുന്നതു നിത്യാനുഭവത്തിൽ നാം കാണുന്നുണ്ടല്ലോ. ഇതിനെല്ലാംകാരണം പോലീസ്സ് ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാതിരിക്കുന്നതിനാലാണ്. പോലീസുകാർ ഈ മാതിരികാര്യങ്ങളിൽ എപ്പോഴും ജാഗ്രൂകരായിരിക്കണം. അതിനു ചെയ്യേണ്ടതു് അവരുടെ ശമ്പളം വർദ്ധിപ്പിക്കുകയും അവരുടെജോലി സമയം 12 മണിക്കൂറിൽനിന്നും പത്തുണ്ടോ, അതോ മണിക്കൂറായി കുറയ്ക്കുകയുമാണ്. രാത്രിയും പകലും ഒരുപോലെജോലിചെയ്യേണ്ട ഒരു പരിതഃസ്ഥിതിയിലാണ് ഇന്നു് അവരുടെനില.

പോലീസുഡിപ്പാർട്ടുമെൻറിനെക്കുറിച്ചു് എനിക്കു ഇനിയും പറയാനുള്ളതു് കേസുകളുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ടെങ്കിലും മോഷണക്കേസുകളും അടിപിടികളും വളരെ വർദ്ധിച്ചിട്ടുണ്ടെന്നും അതുപോലീസ് ഉൽസാഹിതമായി അന്വേഷിക്കേണ്ടതാണെന്നും അതേ. അടുത്തതായി സ്റ്റേഷനുകളിൽ ഷിഫ്റ്റു സിസ്റ്റം ഏർപ്പെടുത്തണമെന്നു ഡിപ്പാർട്ടുമെൻറധികാരിയോടു ഒരു നിർദ്ദേശമുണ്ടു്. രാത്രിയും പകലും ജോലി ചെയ്യുന്ന സമ്പ്രദായം മാറ്റി അതിൽ പകുതിസമയംവീതം ഷിഫ്റ്റു സിസ്റ്റപ്രകാരം ജോലിചെയ്യിക്കുന്നതു് ഏറ്റവും ഗുണപ്രദമായിരിക്കും. അവരുടെ ശമ്പളക്രമത്തിലും ന്യായമായ വർദ്ധനവുണ്ടാക്കണം. മൂന്നാമതായി മുണ്ടുമണികെട്ടിവന്നിരിക്കുന്നതു് ഇന്നു പോലീസുകാരും മേലുദ്യോഗസ്ഥന്മാരും തമ്മിൽ ചെയ്യുന്ന സംബോധന രീതിയിൽ ഒരു വ്യത്യാസം വരുത്തണമെന്നുള്ളതാണ്. ഇല്ലെങ്കിൽ പൊതുജനങ്ങൾക്കു പോലീസുകാരെ സംബോധനചെയ്യുവാൻ സാധിക്കാതെ വരും. സാധാരണ ആളുകൾ അവരെ 'യജമാനൻ' എന്നു വിളിച്ചില്ലെങ്കിൽ അവർക്കുതീരെ

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടപ്പെടുകയില്ല. ഞങ്ങളെ സംബന്ധിച്ചുള്ള കാര്യമല്ല ഇത്. സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളമാണ്. അതുകൊണ്ട് ഈ യജമാനത്വം ഇല്ലാതെ 'സർ' എന്ന സംബോധനചെയ്യുന്നകാര്യത്തിൽ വേണ്ടവ്യവസ്ഥ അങ്ങു ചെയ്താൽ വളരെ പ്രയോജനമായിരിക്കും.

മറ്റൊരു നിർദ്ദേശം പോലീസ്കാരെ അവരുടെ സ്വദേശങ്ങളിലേക്കു സ്ഥലം മാറ്റണമെന്നുള്ളതിനെക്കുറിച്ചാണ്. ആഹാരസാധനങ്ങളുടെ വില അസാമാന്യമായവിധത്തിൽ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു അവരുടെ സ്വദേശങ്ങളിൽനിന്നു സ്ഥലംമാറി ദൂരസ്ഥലങ്ങളിൽ നിയമിക്കുന്നതുകൊണ്ടു എന്തുനന്മയാണുണ്ടാകാൻ പോകുന്നതെന്നു എനിക്കുമനസിലാകുന്നില്ല. അവരെ സ്വദേശങ്ങളിലേക്കു മാറിയാൽ കഴപ്പുണ്ടാകുമെന്നുള്ള വാദഗതിയോടുകൂടി യോജിക്കാൻ എനിക്കു നിവൃത്തിയില്ല.

MR. E. K. MADHAVAN: പോലീസ്ഡിപ്പാർട്ടമെൻറിന്റെ ഭരണത്തെപ്പറ്റി പറയാൻ തുടങ്ങുന്നതിനുമുമ്പു എനിക്കു പറയാനുള്ളതു് പോലീസ്കാൺസ്റ്റബിൾമാരുടേയും ഇൻസ്പെക്ടർമാരുടെയും ശമ്പളം വർദ്ധിപ്പിക്കണമെന്നാണ്. ഇന്നു പോലീസുകാർക്കു കിട്ടുന്ന ശമ്പളംകൊണ്ടു അവർക്കു ന്യായമായരീതിയിൽ ജീവിക്കാൻ സാധ്യമല്ല എന്നുള്ളതു പോലീസ് ഇൻസ്പെക്ടർജനറലിനു അറിയാമെങ്കിലും ചെലവുവർദ്ധിപ്പിക്കുന്നതു നല്ലതല്ലെന്നുള്ള കാരണത്താൽ പോലീസുകാരുടെ ശമ്പളം വർദ്ധിപ്പിക്കാതിരിക്കുന്നതു നല്ലതല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇവരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു പറയുന്നതിനു പ്രത്യേക കാരണമുണ്ട്. അതുകൊണ്ടാണ് ഞാൻ ഇതിനുവേണ്ടി വാദിക്കുന്നതു്. പോലീസുകാർ കൈക്കൂലി വാങ്ങിക്കുന്നുവെന്നു കേട്ടു. അതിനെപ്പറ്റി അന്വേഷണംചെയ്താൽ അവർക്കു പറയാനുള്ള സമാധാനം, വളരെ മുഷിഞ്ഞിയ ശമ്പളം മാത്രമേ ഉള്ളു, അതുകൊണ്ടു ജീവിക്കാൻ യാതൊരുവിധത്തിലും സാധ്യമല്ല, സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതുകൊണ്ടു് ജീവിക്കണമെങ്കിൽ കൈക്കൂലിവാങ്ങാതെ നിവൃത്തിയില്ല എന്നാണ്. ഈ സമാധാനം കിട്ടുമ്പോൾ വെറും മനുഷ്യസ്നേഹംകൊണ്ടു മാത്രം അവരെ ഒന്നും ഉപദ്രവിക്കാതെഇരിക്കേണ്ടതായി വരുന്നു. ഈ ഒരു പരിതഃസ്ഥിതിസംജാതമാക്കാതിരിക്കാൻവേണ്ടി അവർക്കു് ശമ്പളക്കൂടുതൽ കൊടുക്കണമെന്നാണ് ഞാൻ പറയുന്നതു്. ഒരു പോലീസ് ഇൻസ്പെക്ടരുടെ ശമ്പളം ര ാതൊ ാ ാതൊ ാ രൂപയാണ്. അദ്ദേഹവും ഒരു ഗസറ്റഡ് ആഫീസറാണ്. മറ്റുള്ള ഗസറ്റഡ് ആഫിസറന്മാരെപ്പോലെ ഒരുമാതിരി അന്തസായിജീവിക്കണമെന്നു് ആഗ്രഹിക്കുന്നവർക്കു് ഈ പരിമിതമായശമ്പളംകൊണ്ടൊരിക്കലും ജീവിക്കുവാൻ സാധ്യമല്ലെന്നാണ് എനിക്കു ഐ. ജി. യോടുപറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി എനിക്കു ട്രാഫിക്ക് ഡിപ്പാർട്ടുമെൻറിനെപ്പറ്റി ചിലകാര്യങ്ങൾ പറയാനുണ്ട്. ട്രാഫിക് ഡിപ്പാർട്ടുമെൻറു കാര്യക്ഷമമായി ജോലി ചെയ്യുന്നില്ലെന്നുള്ള പരമാർത്ഥം അദ്ദേഹത്തിൻറെ ശ്രദ്ധയിൽ പെട്ടിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പ്രൈവറ്റു ബസ്കളിലെ ഓവർലോഡു അതിഭയങ്കരമാണ്. അതിനു പോലീസ്കാരുടെ സഹായസഹകരണങ്ങളും ഇല്ലാതെ സാദ്ധ്യമല്ല എന്നു എനിക്കു നല്ലവണ്ണം അറിയാം. അങ്ങനെയാണു നടന്നു വരുന്നതെന്നും അറിയാം. അതു കുറയ്ക്കാത്ത പക്ഷം ബസ്സിൻറെ ടാപ്പിൽക്കൂടി ആളുകളെ കയറിക്കൊണ്ടുപോയി പലവിധത്തിലുള്ള കഷ്ടനഷ്ടങ്ങൾക്കും ഇടയായിത്തീരുന്നതാണ്. ഈ ഒരു പരാതി ഇനിമേലെങ്കിലും ഉണ്ടാകാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പറവൂർ, ആലുവാ—തൊടുപുഴ റൂട്ടിൽ മൈൽട്ടരമുണ്ട്. അവിടെ എൻ. ഡി. എം. യൂണിയനാണ് സർവ്വീസ് നടത്തിക്കൊണ്ടിരുന്നതു്. അവർ മുഴുവൻ ചാർജ് ചെയ്യുന്നു. അങ്ങനെയിരിക്കുമ്പോൾ സ്റ്റേറ്റുകാർ സ്റ്റോർട്ട് ഡിപ്പാർട്ടുമെൻറിൽ നിന്നു കോട്ടയം പറവൂർ സർവ്വീസ് ഏർപ്പെടുത്തിയിൻപടി ടിപ്പു് ഓടുന്നുണ്ടായിരുന്നു. ഇപ്പോൾ അതു രണ്ടു ടിപ്പു കുറക്കുകയും നാലു ടിപ്പു മാത്രം ഓടിയാൽ മതിയെന്നു വ്യവസ്ഥചെയ്യുകയുംചെയ്തു. അവർ Express transport ബസ്സിൻറെ ചാർജായ മുഴുവൻ വാങ്ങുകയും ചെയ്യുന്നു എന്നുള്ള പരമാർത്ഥം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. കഴിഞ്ഞ ദിവസത്തെ ചോദ്യോത്തരവേളയിൽ ഇപ്രകാരം വ്യവസ്ഥ ഉണ്ടാക്കിയതു ട്രാൻസ്പോർട്ട് ഡയറക്ടർ ആയിരിക്കുമെന്നു വിചാരിച്ചു അദ്ദേഹത്തോടു ചോദിച്ചപ്പോൾ അദ്ദേഹം അതിനെപ്പറ്റി ഒന്നും അറിഞ്ഞിട്ടില്ലെന്നു പറഞ്ഞു. അതുകൊണ്ടു ഞങ്ങൾ ഉദ്ദേശിക്കുന്നതു ഇതു സ്റ്റേറ്റു ട്രാൻസ്പോർട്ടുകാരുടെ നിർദ്ദേശപ്രകാരമായിരിക്കുമെന്നാണ്. അപ്രകാരം നൂറു മൈലിനു് ഓടിക്കൊണ്ടിരുന്ന ലൈനിൽ മുഴുവൻ വാങ്ങാൻ അനുവദിച്ചുകൊടുക്കുന്നതു നാട്ടുകാർക്കു വളരെ സങ്കടകരമാണെന്നു അങ്ങയെ അറിയിച്ചുകൊള്ളുന്നു.

ഇനി പറയാനുള്ളതു പോലീസ്കാരെ അവരുടെ സ്വന്തസ്ഥലങ്ങളിൽ നിന്നുംദൂരസ്ഥലങ്ങളിൽ സ്ഥലം മാറുന്നതിനെക്കുറിച്ചാണു്. അങ്ങനെ മാറുന്നതു മിക്കവാറും നല്ലതാണെന്നാണ് എൻറെ അഭിപ്രായം. പക്ഷേ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അവർക്കു താമസസൗകര്യത്തിനായി പോലീസ് ലൈൻസ് ഉണ്ടാക്കികൊടുക്കണം. അങ്ങനെ താമസിക്കാൻ സൗകര്യം കൊടുക്കുന്നില്ലെങ്കിൽ സാധുക്കളായവർക്ക് മാനമര്യാദയോടുകൂടി ജീവിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു അങ്ങനെയുള്ള സൗകര്യങ്ങളും അവർക്കു ചെയ്തുകൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അവസാനമായി ഒന്നുരണ്ടുവാക്കുകൂടി ഈയ്യിടെ നടന്ന സബ് ഇൻസ്പെക്ടർ സെലക്ഷനെപ്പറ്റി പറയാനുണ്ട്. ഈയ്യിടെ കുറെസബ് ഇൻസ്പെക്ടരന്മാരുടെ സെലക്ഷൻ നടന്നു. എന്നാൽ അവർ ഇപ്പോഴും ഉശങ്കുസ്വർഗ്ഗത്തിലെപ്പോലെ നിൽക്കയാണ്. ഹെഡ്കാൻസ്റ്റബിളാണോ, അതല്ല സബ് ഇൻസ്പെക്ടരാണോ, അതല്ല, ഇൻസ്പെക്ടരാണോ, അതല്ല, എന്താണു ആർഡർ വരുന്നതെന്നു അവർ നോക്കിക്കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയിൽ ഒന്നും ഇല്ലാതാകുമോ എന്നഭയവും അവർക്കുണ്ട്. ഒന്നുകിൽ അവരെ ഹെഡ്കാൻസ്റ്റബിൾമാരായി വിടണം; അല്ലെങ്കിൽ സബ്ഇൻസ്പെക്ടർമാരായി നിയമിക്കണം. ഇങ്ങനെ ഏതെങ്കിലും വിധത്തിൽ ഒരു വ്യവസ്ഥ ചെയ്യണം.

MR. K. M. PAUL : പോലീസുഡിപ്പാർട്ടുമെൻറിലെ അഴിമതികുറവുചെയ്യുന്നതിനു ഇൻസ്പെക്ടർജനറൽ വേണ്ടവിധം ശ്രദ്ധിക്കുന്നുണ്ടെന്നുള്ളതു പൊതുവേ അഭിനന്ദനാർഹമാണെങ്കിലും പൊതുജനങ്ങളുടെ പൂർണ്ണമായ സഹകരണം കൂടാതെ അതു പരിപൂർണ്ണമായി ഇല്ലാതാക്കാൻ സാധിക്കയില്ലെന്നുള്ളതു ഒരു പരമാർത്ഥമാണ്. അങ്ങിനെ പൊതുജനങ്ങളുടെ സഹകരണം വേണ്ടിടത്തോളം ഡിപ്പാർട്ടുമെൻറിനു ലഭിക്കണമെങ്കിൽ ജനങ്ങളുടെ സങ്കടങ്ങൾക്കു പരിഹാരമുണ്ടാക്കാൻ ഡിപ്പാർട്ടുമെൻറു സന്നദ്ധമാകണം. ഒരു സംഭവം എൻറെ ശ്രദ്ധയിൽപെട്ടിട്ടുള്ളതിനെമാത്രം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നു വിചാരിക്കുന്നു. അതായതു മൂവാറ്റുപുഴെ രാമമംഗലം എന്ന സ്ഥലത്തു ഒരു ഔട്ടുപാസ്റ്റുണ്ട്. അവിടത്തെ ഒരു ഗാർഡിൻെറ പേരിൽ പല അതിരാപണങ്ങളും ഉണ്ടായതിൻെറഫലമായി നാട്ടുകാർ ഹർജികളും ഐ. ജി. ക്കും മറ്റും അയച്ചു. ആ പരാതികളും അന്വേഷിക്കുന്നതിനായി മൂവാറ്റുപുഴ പോലീസ് ഇൻസ്പെക്ടരെ ഡയറക്ടുചെയ്യുകയും ഇൻസ്പെക്ടർ ഹർജിയിൽ പേരുപറയുന്നവരെയും പോലീസ്സ്റ്റേഷനിൽ ചെന്നു സ്റ്റേറുമെൻറു കൊടുക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തു. രണ്ടു പേരോടു മാത്രം സ്റ്റേറുമെൻറു വാങ്ങിയശേഷം മറ്റുള്ളവരോടു യാതൊരു സ്റ്റേറുമെൻറും വാങ്ങാതെ അവരെ തിരിച്ചയച്ചു. ഈ സ്റ്റേറുമെൻറെല്ലാം വാങ്ങിയതിൻെറ ഫലമായി ഈ ഗാർഡിനെ തിരിച്ചു മൂവാറ്റുപുഴക്കു സ്ഥലം മാറുകമാത്രമാണു ചെയ്തതു്. ഈ ഗാർഡിനെ ഞാൻ അറിയുകയില്ല. വിവരം അറിഞ്ഞെന്നു മാത്രമേ ഉള്ളൂ. ഇതുപോലെ പ്രസ്തുതിച്ചതു പൊതുജനസഹകരണം ഉണ്ടാകണമെങ്കിൽ അവരുടെ ന്യായമായ എല്ലാ പരാതികളും ഡിപ്പാർട്ടുമെൻറധ്യക്ഷൻ ശ്രദ്ധിക്കണമെന്നു പറയാൻവേണ്ടി മാത്രമാണ്.

കൂടാതെ വേറൊരുസംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു് സെക്കൻറുഹാൻഡ് മോട്ടാർവാഹനങ്ങളുടെ കൺ

LIBRARY ARCHIVES Kerala Legislative Assembly

ടോം ആർഡറിനെ കുറിച്ചാണ്. വരുന്ന മാസം ഫ്രാൻസ്-യോടുകൂടി ഈ ആർഡർ റദ്ദ്ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നു ഐ. ജി പറയുകയുണ്ടായി. ഇതു പലപ്പോഴും ഈ സഭയിൽ പ്രസ ഗത്രപ്പണയും ചോദ്യത്രപ്പേണയും ഇൻസ്പെക്ടർ ജനറലിന്റേയും ഗവൺമെൻറിന്റേയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പൊതുജനങ്ങളുടെ അഭിപ്രായത്തിനെ ഡിപ്പാർട്ടുമെൻറു ശരിയായി ആദരിക്കുന്നുണ്ടെന്നു കാണിക്കുവാൻവേണ്ടി ഒരു മാതൃകാപരമായിട്ടെങ്കിലും വരുന്ന ഫ്രാൻസ്- എന്നുള്ളതിനു പകരം ഈ ഞായ്ചയിൽതന്നെ അതു റദ്ദ്ചെയ്യുന്നതിൽ ഐ. ജി. ക്കും ഗവൺമെൻറിനും യാതൊരു ന്യൂനതയും വരികയില്ലെന്നാണ് എന്റെ വിശ്വാസം. അതു ഈ സഭയോടു കാണിക്കുന്ന ഒരു ആദരവായി പരിഗണിക്കപ്പെടുമെന്നും ഞാൻ പ്രസ്താവിച്ചു കൊള്ളുന്നു.

